(b) ടി ആണ്ടുകളിലും മാസങ്ങളിലും ലേബർ ഇൻസ്പെക്ടർ ടാവലിംഗ് അലവൻസ്സ് വാങ്ങീട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ — (a) അലവൻസ് വാങ്ങിയ തുക താഴെ ചേർക്കുന്നു.—

	൧൯൨൫ മീനം	൧൯൨൬ മീനം
സംരക്ഷകൻ	൨൫ ക.	൪൦ ക.

(b) ലേബർ ഇൻസ്പെക്ടർ ൨൯—൧൯൨൫—൨൬ ൩൦ ക.

Education of the Depressed Classes— expenditure on.

187. മിസ്റ്റർ കെ. പി. വള്ളോൻ.—൧൯൨൬ ൽ സംരക്ഷണ വകുപ്പിൽനിന്നും അധഃകൃത വിദ്യാർത്ഥികൾക്കായി വിദ്യാഭ്യാസ വകുപ്പിലേക്ക് ചിലവുചെയ്തിട്ടുള്ള സംഖ്യയെത്ര ?

രാമവമ്മതമ്പുരാൻ.—൧൯൨൬ ൽ അധഃകൃത വിദ്യാർത്ഥികൾക്കുള്ള സ്കൂളുകളുടെ ഭരണച്ചിലവിലേക്ക് അധഃകൃത ഡിപ്പാർട്ടുമെണ്ടിൽനിന്നും വിദ്യാഭ്യാസഡിപ്പാർട്ടുമെണ്ടിലേക്ക് ൨൯,൧൨൫ ഉറുപ്പിക ചിലവു ചെയ്തിട്ടുണ്ട്.

Depressed Classes Co-operative Society— expenditure on.

188. മിസ്റ്റർ കെ. പി. വള്ളോൻ— അധഃകൃതസംരക്ഷണ വകുപ്പിൽനിന്നും ൧൯൨൬ ൽ അധഃകൃതരുടെ പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്തിട്ടുള്ള സംഖ്യ എത്ര;

(b) മറ്റുള്ള പരസ്പര സഹായ സംഘത്തിനുവേണ്ടി ചിലവുചെയ്യുന്ന സംഖ്യ ഏതു ഡിപ്പാർട്ടുമെണ്ടിൽനിന്നാണ് ?

രാമവമ്മതമ്പുരാൻ.—(a) ൧൯൨൬ ൽ അധഃകൃത പരസ്പര സഹായസംഘങ്ങൾക്കുവേണ്ടി ക. വ്വ ൯—൧൦ ചിലവു ചെയ്തിട്ടുണ്ട്.

(b) മറ്റുള്ള പരസ്പര സഹായ സംഘങ്ങൾക്കുവേണ്ടി ചിലവു ചെയ്യുന്നതു് അതാതു സംഘത്തിൽ നിന്നാണെന്നറിയുന്നു.

മിസ്റ്റർ കെ. എം. ഇബ്രാഹിം — എന്തൊവശ്യത്തിനാണ് ഈ സംഖ്യ കൊടുത്തതു് ?

രാമവമ്മതമ്പുരാൻ.—ബുക്ക്സ്, സ്റ്റേറ്റ്സ്, സ്കൂൾ മെറ്റീരിയൽസ്, ക്ലീനിംഗ് ചാർജ്ജസ് ഇവകൾക്കു വേണ്ടിയാണു .

മിസ്റ്റർ കെ. എം. ഇബ്രാഹിം.—ഇതു് പരസ്പരസഹായസംഘം വഴിയാണോ സാധാരണ കൊടുക്കാറുള്ളതു് ?

രാമവമ്മതമ്പുരാൻ.—അന്വേഷിച്ചു വേണം പറവാൻ.

മിസ്റ്റർ കെ. അയ്യപ്പൻ.—പുസ്തകങ്ങൾക്കു മാത്രമായിട്ട് എത്ര ചിലവാകും ?

രാമവമ്മതമ്പുരാൻ—ഏതെല്ലാം ഗ്രന്ഥങ്ങളിൽ എത്രയെത്ര ചിലവാക്കിയെന്നു് അന്വേഷിച്ചുവേണം പറയുവാൻ.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—സംഘം ഒരു ക്രഡിറ്റു സൊസൈറ്റിയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—ആണ്.

മിസ്റ്റർ കെ. എം. ഇബ്രാഹിം.—അതിൽ നിന്നാണോ ഈ സംഖ്യ കൊടുക്കുന്നത്?

രാമവമ്മ തമ്പുരാൻ.—അനേഷിച്ചുവേണം പറയുവാൻ.

Lease of Porambokes to the Depressed Classes.

189. മിസ്റ്റർ കെ. പി. വള്ളോൻ.—ഫ ഫ ഠൻ-ൽ അധഃകൃത സംരക്ഷണവകുപ്പിൽനിന്നും അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചു കൊടുത്തവകയിലും മറ്റുമായി ചിലവായിട്ടുള്ള സംഖ്യകൾ എത്ര; മറ്റുള്ളവർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുക്കുന്നതും മറ്റും ഏതു ഡിപ്പാർട്ട്മെണ്ടിൽനിന്നാകുന്നുവെന്നു ദയവായി മറുപടി പറയുമോ?

രാമവമ്മതമ്പുരാൻ.—ഫ ഫ ഠ ൻ-ൽ അധഃകൃതർക്കു പുറമ്പോക്കു ഭൂമികൾ പതിച്ചുകൊടുത്ത വകയിലായതൊന്നും ചിലവായിട്ടില്ല. മറ്റുള്ളവർക്കുപുറമ്പോക്കു പതിച്ചുകൊടുക്കുന്നതു റെവന്യൂ ഡിപ്പാർട്ട്മെണ്ടു വഴിക്കാണ്.

Appointments for the Depressed classes—petition to the Protector.

190. മിസ്റ്റർ കെ. പി. വള്ളോൻ.—ഫ ഫ ഠ വ-ലും ഫ ഫ ഠ ൻ-ലും അധഃകൃതർക്കു് ഉദ്യോഗം കിട്ടണമെന്നും വാങ്ങിത്തരണമെന്നും അപേക്ഷിച്ചുകൊണ്ടു് എത്ര ഹർജികൾ സംരക്ഷണവകുപ്പിൽ കിട്ടീട്ടുണ്ടു്; അതിൽ എത്രപേർക്കു് ഉദ്യോഗം കൊടുക്കുകയും കൊടുപ്പിക്കയും ചെയ്തിട്ടുണ്ടു്; കൊടുത്ത ഉദ്യോഗമെന്തു്; കൊടുപ്പിച്ച ഉദ്യോഗങ്ങളെന്തു്?

രാമവമ്മതമ്പുരാൻ.—ഫ ഫ ഠ വ-ലും ഫ ഫ ഠ ൻ-ലും കൂടി അധഃകൃതരുടെ ര ഠഠ ഹർജികൾ കിട്ടീട്ടുണ്ടു്. അവരിൽ വ പേർക്കു സംരക്ഷണവകുപ്പിൽ ഉദ്യോഗം കൊടുത്തിട്ടുണ്ടു്. ആ ഉദ്യോഗങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

ക. ടി. സി. വേലായുധൻ—വേട്ടുവൻ—ക്ലാർക്ക്, പ്രൊട്ടക്ടരുടെ ആപ്പീസ്.

ഖ. വി. കെ. ശങ്കരൻ—പടന്നകണക്കൻ—ശിപായി.

ഗ. എൻ. കെ. അയ്യർ—പുലയൻ—കോളനി വാർഡൻ.

ഘ. ടി. എ. രാമൻ—ഉള്ളാടൻ—ശിപായി.

ങ. എം. കെ. മാണിക്കൻ—പുലയൻ—കോളനി വാർഡൻ

ന.	ടി. എ. കുഞ്ഞുണ്ണി	ടി	ടി
ച.	ജി. കെ. നാരായണൻ	ടി	ടി
വ.	കെ. സി. കൊടിയൻ	ടി	ടി

അന്യ ഡിപ്പാർട്ട്മെണ്ടിൽ ഉദ്യോഗം കൊടുപ്പിക്കണമെന്നുള്ള ഹർജികൾ അതാതു ഡിപ്പാർട്ട്മെണ്ടിലെ മേലദ്ധ്യക്ഷന്മാർക്കു തു

LIBRARY ARCHIVES Kerala Legislative Assembly